പിറവം നഗരസഭാ കാര്യാലയം,
പിറവം
ഫോൺ : 0485-2242339

H1-7913/19

തീയതി : 27.08.2022

# ലേല നോട്ടീസ്

പിറവം നഗരസഭാ പരിധിയിലുള്ള താഴെ പറയുന്നവ 05.09.2022 തീയതിയിൽ രാവിലെ 11.30-ന് നഗരസഭാ കോൺഫറൻസ് ഹാളിൽ വച്ച് പരസ്യ ലേലം നടത്തുന്നതിന് നഗരസഭ തീരുമാനിച്ചിട്ടുണ്ട്. ലേലത്തിൽ പങ്കെടുക്കുവാൻ വേണ്ടതെല്ലാം താത്പര്യമുള്ളവർ ലേല ദിവസം രാവിലെ 11.00 മണിയ്ക്ക് താഴെപ്പറയും പ്രകാരം നിരതദ്രവ്യം നഗരസഭയിൽ ഒടുക്കേണ്ടതും, തിരിച്ചറിയൽ രേഖകൾ സഹിതം ഹാജരാകേണ്ടതുമാണ്. ലേല തുകയ്ക്ക് GST ബാധകമാണ്.

| ക്രമ നമ്പർ | സ്ഥലം | മരം | അടിസ്ഥാന നിരക്ക് | തുക | EMD | GST |
|---|---|---|---|---|---|---|
| 1. | ഗവ: LPS, പാഴൂർ | പാല | 15,969.00 | 15,969.00 | 390.00 | 5% |
| 2. | ഗവ: UPS., കക്കാട് | മഴമരം | 6,683.00 | 9,321.00 | 240.00 | 5% |
| | | വാക | 2,638.00 | | | |
| 3. | പിറവം താലൂക്ക് ആശുപത്രി കോംമ്പൗണ്ട് | മാവ് | 43.00 | 12,095.00 | 310.00 | 5% |
| | | മാവ് | 3,774.00 | | | |
| | | മാവ് | 2,348.00 | | | |
| | | മാവ് (1/2MT വിറക്) | 885.00 | | | |
| | | ചെമ്പകം | 5,045.00 | | | |

ലേലം സംബന്ധിച്ച കുടുതൽ വിവരങ്ങൾ https://piravommunicipality.lsgkerala.gov.in നഗരസഭയുടെ എന്ന വെബ് സൈറ്റിൽ നിന്നോ, ഓഫീസ് പ്രവർത്തി സമയത്ത് നഗരസഭാ ഓഫീസിൽ നിന്നോ അറിയാവുന്നതാണ്. (0485-2242339)

സെക്രട്ടറി
പിറവം നഗരസഭ

പകർപ്പ്:

1. എച്ച്. എം., ഗവ: എൽ.പി.എസ്., പാഴൂർ
2. എച്ച്. എം., ഗവ: യു.പി.എസ്., കക്കാട്
3. സൂപ്രണ്ട്, താലൂക്ക് ആശുപത്രി, പിറവം
4. വില്ലേജ് ഓഫീസ്, പിറവം
5. നോട്ടീസ് ബോർഡ് - ഓഫീസ് & ലൈബ്രറി, സിവിൽ സ്റ്റേഷൻ

# പിറവം നഗരസഭ

H1-7913/19

തീയതി : 27.08.2022

**പിറവം നഗരസഭാ പരിധിയിലുള്ള, നഗരസഭ നേരിട്ട് വെട്ടി സൂക്ഷിച്ചിരിക്കുന്ന മരങ്ങൾ/വിറക് വിൽക്കുന്നതിനുള്ള ലേലത്തിന്റെ നിബന്ധനകൾ:-**

പിറവം നഗരസഭാ പരിധിയിലുള്ള നഗരസഭ മുറിച്ച് മാറ്റിയിട്ടിരിക്കുന്ന മരങ്ങൾ ലേല നോട്ടീസ് പ്രകാരം 05.09.2022 തീയതിയിൽ രാവിലെ 11.30-ന് നഗരസഭയിൽ വച്ച് പരസ്യ ലേലം നടത്തുന്നതാണ്. ടി. ലേലത്തിൽ പങ്കെടുക്കുവാൻ താത്പര്യമുള്ളവർ ലേല ദിവസം രാവിലെ 11.00-ന് മുമ്പായി അടിസ്ഥാന നിരക്കിന്റെ 2.5% രൂപ നിരതദ്രവ്യം അടയ്ക്കേണ്ടതാണ്. (GST - 5% ബാധകമാണ്)

ലേലത്തിൽ കൂടുതൽ തുക വിളിക്കുന്ന ആളിന്റെ പേരിൽ ലേലം താത്കാലികമായി ഉറപ്പിക്കുന്നതും, ലേല തുകയുടെ മൂന്നിൽ രണ്ട് ഭാഗം അന്നേ ദിവസം തന്നെ നഗരസഭയിൽ ഒടുക്കേണ്ടതും കൗൺസിൽ/കമ്മിറ്റി അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ടി. ലേല തുകയും, ബാധകമായ നികുതിയും ഒടുക്കി നഗരസഭാ ഹെൽത്ത് ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ 7 ദിവസത്തിനുള്ളിൽ മരങ്ങൾ നീക്കം ചെയ്യേണ്ടതുമാണ്. ലേലത്തോടൊപ്പം EMD രസീത് ഉള്ളടക്ക് ചെയ്ത് സീൽ ചെയ്ത ക്വട്ടേഷനും അന്നേ ദിവസം രാവിലെ 11.00 വരെ സ്വീകരിക്കുന്നതാണ്. ലേലം കഴിഞ്ഞ് സീൽഡ് ക്വട്ടേഷനുകൾ ഹാജരായിട്ടുള്ളവരുടെ സാന്നിദ്ധ്യത്തിൽ തുറന്ന് പരിശോധിക്കുന്നതും ലേലത്തിലെ കൂടിയ നിരക്ക് ക്വോട്ട് ചെയ്ത കരാറുകാരന്റെ ക്വട്ടേഷൻ കൗൺസിൽ തീരുമാനത്തിന് വിധേയമായി ഉറപ്പിച്ച് നൽകുന്നതുമാണ്.

ലേലത്തിൽ അന്തിമ തീരുമാനം കൈക്കൊള്ളുന്നതിനുള്ള അധികാരം നഗരസഭാ കൗൺസിലിൽ നിക്ഷിപ്തമാണ്.

സെക്രട്ടറി
പിറവം നഗരസഭ